**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 321** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവുനായ്ക്കളുടെ ആക്രമണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണം വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ വർദ്ധനവും പേവിഷബാധ ഭീഷണിയും പൂർണ്ണമായും പരിഹരിക്കുന്നതിനും ബഹു. സുപ്രീം കോടതി ഉത്തരവുകൾ കൃത്യമായി നടപ്പിലാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

**1. ഉന്നതതല മേൽനോട്ട സമിതി രൂപീകരണം (High-Level Monitoring Committee):** ബഹു. സുപ്രീം കോടതി ഉത്തരവുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സംസ്ഥാനതലത്തിൽ തുടർച്ചയായ മേൽനോട്ടം ഉറപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & എൻവയൺമെന്റ് മാനേജ്മെന്റ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ലോ ഓഫീസർ,പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, അനിമൽ വെൽഫെയർ ബോർഡ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതി ഷെൽട്ടറുകളുടെ നിർമ്മാണം, നോഡൽ ഓഫീസർമാരുടെ നിയമനം, ഹെൽപ്പ്ലൈൻ, ഫീഡിംഗ് പോയിന്റുകൾ, സ്ക്വാഡുകളുടെ ഏകോപനം എന്നിവ നിരീക്ഷിച്ചുവരുന്നു.

**2.ദയാവധത്തിനുള്ള ഏകീകൃത മാനദണ്ഡം (SOP for Euthanasia):** സുപ്രീം കോടതിയുടെ 19/05/2026-ലെ വിധിന്യായത്തിലെ ഖണ്ഡിക 108(H) നിർദ്ദേശപ്രകാരം, മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably ill), മാരകമായി പരിക്കേറ്റവ, പേവിഷബാധ സ്ഥിരീകരിച്ചവ / ലക്ഷണങ്ങളുള്ളവ, പ്രകോപനമില്ലാതെ ആക്രമിക്കുന്നവരായ തെരുവുനായ്ക്കളുടെ ദയാവധത്തിനായി ഏകീകൃത മാനദണ്ഡങ്ങൾക്ക് (SOP) സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപന അധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും വെറ്ററിനറി ഓഫീസർ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി (SDMC) വഴിയാണ് ദയാവധ നടപടികൾ സുതാര്യമായി നടപ്പിലാക്കുന്നത്.

**3.ABC കേന്ദ്രങ്ങൾ, പോർട്ടബിൾ യൂണിറ്റുകൾ, ഷെൽട്ടറുകൾ (Stray Dog Shelters):**

- **എബിസി സെന്ററുകൾ:** നിലവിൽ 21 സ്ഥിരമായ എബിസി സെന്ററുകളും 1 പോർട്ടബിൾ എബിസി സെന്ററും പ്രവർത്തനക്ഷമമാണ്. 9 പുതിയ എബിസി സെന്ററുകളുടെ പണി പൂർത്തിയായിട്ടുണ്ട്, കൂടാതെ 9 പുതിയ എബിസി സെന്ററുകളുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിച്ചുവരുന്നു.

- **പോർട്ടബിൾ എബിസി യൂണിറ്റുകൾ:** മൃഗസംരക്ഷണ വകുപ്പ് വഴി 7 പോർട്ടബിൾ എബിസി (ABC) സെന്ററുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- **അഭയകേന്ദ്രങ്ങൾ (Shelters):** സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ ഷെൽട്ടറുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**4.വളർത്തുമൃഗങ്ങളുടെ ലൈസൻസ്, ബ്രീഡിംഗ് ചട്ടങ്ങളും ഹാൻഡ് ബുക്കും:**

- **ലൈസൻസിംഗ് & ബ്രീഡിംഗ് റൂളുകൾ:** തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി 'Pet Dogs License Rules', 'Breeding Rules' എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- **ഹാൻഡ് ബുക്ക് & ശിൽപശാല:** തെരുവുനായ നിയന്ത്രണവും പരിപാലനവും (Stray Dog Management) സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടുത്തി ഒരു ഹാൻഡ്ബുക്ക് (Hand Book) തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹാൻഡ്ബുക്ക് തയ്യാറാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) മുഖേന ഒരു ശിൽപശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**5.സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി:** എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്.

**(ബി)** എങ്കിൽ അവ തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

<u>**മറുപടി:**</u> ഉണ്ട്.സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ വർദ്ധനവും പേവിഷബാധ ഭീഷണിയും പൂർണ്ണമായും പരിഹരിക്കുന്നതിനും ബഹു. സുപ്രീം കോടതി ഉത്തരവുകൾ കൃത്യമായി നടപ്പിലാക്കുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

**1. ഉന്നതതല മേൽനോട്ട സമിതി രൂപീകരണം (High-Level Monitoring Committee):** ബഹു. സുപ്രീം കോടതി ഉത്തരവുകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും സംസ്ഥാനതലത്തിൽ തുടർച്ചയായ മേൽനോട്ടം ഉറപ്പാക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് & എൻവയൺമെന്റ് മാനേജ്മെന്റ് ഓഫീസർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ലോ ഓഫീസർ,പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, അനിമൽ വെൽഫെയർ ബോർഡ് പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ഉന്നതതല മേൽനോട്ട സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതി ഷെൽട്ടറുകളുടെ നിർമ്മാണം, നോഡൽ ഓഫീസർമാരുടെ നിയമനം, ഹെൽപ്പ്ലൈൻ, ഫീഡിംഗ് പോയിന്റുകൾ, സ്ക്വാഡുകളുടെ ഏകോപനം എന്നിവ നിരീക്ഷിച്ചുവരുന്നു.

**2.ദയാവധത്തിനുള്ള ഏകീകൃത മാനദണ്ഡം (SOP for Euthanasia):** സുപ്രീം കോടതിയുടെ 19/05/2026-ലെ വിധിന്യായത്തിലെ ഖണ്ഡിക 108(H) നിർദ്ദേശപ്രകാരം, മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably ill), മാരകമായി പരിക്കേറ്റവ, പേവിഷബാധ സ്ഥിരീകരിച്ചവ / ലക്ഷണങ്ങളുള്ളവ, പ്രകോപനമില്ലാതെ ആക്രമിക്കുന്നവരായ തെരുവുനായ്ക്കളുടെ ദയാവധത്തിനായി ഏകീകൃത മാനദണ്ഡങ്ങൾക്ക് (SOP) സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപന അധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായും വെറ്ററിനറി ഓഫീസർ ഉൾപ്പെടെയുള്ളവർ

അംഗങ്ങളുമായ സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി (SDMC) വഴിയാണ് ദയാവധ നടപടികൾ സുതാര്യമായി നടപ്പിലാക്കുന്നത്.

**3.ABC കേന്ദ്രങ്ങൾ, പോർട്ടബിൾ യൂണിറ്റുകൾ, ഷെൽട്ടറുകൾ (Stray Dog Shelters):**

- **എബിസി സെന്ററുകൾ:** നിലവിൽ 21 സ്ഥിരമായ എബിസി സെന്ററുകളും 1 പോർട്ടബിൾ എബിസി സെന്ററും പ്രവർത്തനക്ഷമമാണ്. 9 പുതിയ എബിസി സെന്ററുകളുടെ പണി പൂർത്തിയായിട്ടുണ്ട്, കൂടാതെ 9 പുതിയ എബിസി സെന്ററുകളുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിച്ചുവരുന്നു.
- **പോർട്ടബിൾ എബിസി യൂണിറ്റുകൾ:** മൃഗസംരക്ഷണ വകുപ്പ് വഴി 7 പോർട്ടബിൾ എബിസി (ABC) സെന്ററുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- **അഭയകേന്ദ്രങ്ങൾ (Shelters):** സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപന തലത്തിൽ ഷെൽട്ടറുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**4.വളർത്തുമൃഗങ്ങളുടെ ലൈസൻസ്, ബ്രീഡിംഗ് ചട്ടങ്ങളും ഹാൻഡ് ബുക്കും:**

- **ലൈസൻസിംഗ് & ബ്രീഡിംഗ് റൂളുകൾ:** തെരുവുനായ നിയന്ത്രണത്തിന്റെ ഭാഗമായി 'Pet Dogs License Rules', 'Breeding Rules' എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- **ഹാൻഡ് ബുക്ക് & ശിൽപശാല:** തെരുവുനായ നിയന്ത്രണവും പരിപാലനവും (Stray Dog Management) സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗനിർദേശങ്ങളും നടപടിക്രമങ്ങളും ഉൾപ്പെടുത്തി ഒരു ഹാൻഡ്ബുക്ക് (Hand Book) തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഹാൻഡ്ബുക്ക് തയ്യാറാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) മുഖേന ഒരു ശിൽപശാല സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**5.സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി:** എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്.

**(സി)** എ.ബി.സി സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും, അക്രമകാരികളായ തെരുവുനായകളെ കൊല്ലുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

<u>**മറുപടി:**</u> ബഹു. സുപ്രീം കോടതിയുടെ 19/05/2026-ലെ വിധിന്യായത്തിലെ ഖണ്ഡിക 108(H) നിർദ്ദേശപ്രകാരം, മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably ill), മാരകമായി പരിക്കേറ്റവ, പേവിഷബാധ സ്ഥിരീകരിച്ചവ / ലക്ഷണങ്ങളുള്ളവ, പ്രകോപനമില്ലാതെ ആക്രമിക്കുന്നവരായ തെരുവുനായ്ക്കളുടെ ദയാവധത്തിനായി ഏകീകൃത മാനദണ്ഡങ്ങൾക്ക് (SOP) അംഗീകാരം നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപന അധ്യക്ഷൻ ചെയർപേഴ്സണായും സെക്രട്ടറി കൺവീനറായു വെറ്ററിനറി ഓഫീസർ ഉൾപ്പെടെയുള്ളവർ അംഗങ്ങളുമായ സ്ട്രേ ഡോഗ് മാനേജ്മെന്റ് കമ്മിറ്റി (SDMC) വഴിയാണ് ദയാവധ നടപടികൾ സുതാര്യമായി നടപ്പിലാക്കുന്നത്.

**(ഡി)** തൃശ്ശൂർ ജില്ലയിൽ പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>**മറുപടി:**</u> തൃശ്ശൂർ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന മാറ്റാനാകാത്ത രോഗബാധയുള്ളവ (Incurably ill), മാരകമായി പരിക്കേറ്റവ, പേവിഷബാധ സ്ഥിരീകരിച്ചവ / ലക്ഷണങ്ങളുള്ളവ, പ്രകോപനമില്ലാതെ ആക്രമിക്കുന്നവരായ തെരുവുനായ്ക്കളുടെ ദയാവധം വകുപ്പ്

തയ്യാറാക്കിയിട്ടുള്ള ഏകീകൃത മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ തൃശ്ശൂർ ജില്ലയിൽ രണ്ട് എ.ബി.സി സെന്ററുകളാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒന്നു വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**